# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 21 — 27.06.2011-ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിലെ പൊതുഭരണ സർവ്വീസിൽ നടപടികളെടുക്കാൻ കാലതാമസം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി ) |
| (എ) സെക്രട്ടേറിയറ്റിലെ പൊതുഭരണ സർവ്വീസിലെ കാലതാമസവും കെടുകാര്യസ്ഥതയും പകപോക്കലും ഒഴിവാക്കാൻ സെക്രട്ടേറിയറ്റിലെ സംവിധാനം പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ ; | (എ) | ഇങ്ങനെ ഒരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) കഴിഞ്ഞ പത്തു വർഷക്കാലം സെക്രട്ടേറിയറ്റിൽ ലഭിച്ച എത്ര ഫയലുകൾ തീർപ്പാക്കാതെ കെട്ടികിടപ്പുണ്ടെന്ന് അറിയിക്കുമോ ; അവ കെട്ടികിടക്കാൻ കാരണമെന്താണ് ; | | (ബി), (സി),(ഡി) വിവരം ശേഖരിച്ചു വരുന്നു |
| (സി) സെക്രട്ടേറിയറ്റിൽ ഫയലുകൾ സർക്കാർ മാനുവൽ പ്രകാരമുള്ള കാലാവധിക്കുള്ളിൽ തീർപ്പു കല്പിക്കാൻ നടപടി എടുക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ സ്വീകരിക്കാവുന്ന അച്ചടക്ക നടപടികൾ എന്തൊക്കെയാണ് ; | | |
| (ഡി) കഴിഞ്ഞ പത്തുവർഷങ്ങൾക്കുള്ളിൽ ഈ കാര്യത്തിൽ വീഴ്ച കാട്ടിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ; അതിൽ ഡിസ്മിസൽ, സസ്പെൻഷൻ തുടങ്ങിയ നടപടികൾക്ക് വിധേയരായവരുടെ പേരു വിവരങ്ങൾ വ്യക്തമാക്കാമോ ; | | |
| (ഇ) പെട്ടെന്ന് അവധിയിൽ പോകുന്ന ഉദ്യോഗസ്ഥരുടെ പക്കലുള്ള അടിയന്തിര ഫയലുകൾ പോലും അവരുടെ മേശയ്ക്കുള്ളിൽ വച്ചുപൂട്ടി കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | ഇല്ല |
| (എഫ്) ഇതുമൂലം ഉണ്ടാകുന്ന ഭരണപരമായ പ്രയാസങ്ങൾ ഒഴിവാക്കാൻ അവധിയിൽ പോകുന്ന ആളിന്റെ കൈവശമുള്ള അടിയന്തിര ഫയൽ മേലുദ്യോഗസ്ഥനെ ഏല്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | എഫ്) | ബാധകമല്ല |

| | | | |
|---|---|---|---|
| (ജി) | പൊതുഭരണ സർവ്വീസിലുള്ള ആകെ ഐ.എ.എസു കാരിൽ ഇപ്പോൾ കേരളത്തിൽ എത്ര പേരുടെ സേവനം ലഭ്യമാണ് ; അവരിൽ ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി തുടങ്ങി ഓരോ റാങ്കിലുമുള്ളവരുടെ എണ്ണം വ്യക്തമാക്കുമോ ; | (ജി) | 95.<br>ചീഫ് സെക്രട്ടറി - 1<br>അഡീഷണൽ ചീഫ് സെക്രട്ടറി -5<br>പ്രിൻസിപ്പൽ സെക്രട്ടറി - 11<br>സെക്രട്ടറി - 26<br>സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ഡപ്യൂട്ടി സെക്രട്ടറി } 52 |
| (എച്ച്) | കേരള സർവ്വീസിൽ ഉള്ളവരിൽ എത്ര ഐ.എ.എസുകാർ ഇപ്പോൾ കേരളത്തിന് വെളിയിലുണ്ട് ; അവരുടെ പേരു വിവരവും എവിടെയാണെന്ന വിവരവും അറിയിക്കുമോ ; | എച്ച്) | സെൻട്രൽ ഡപ്യൂട്ടേഷനിൽ 45 പേരും ഇന്റർ കേഡർ ഡപ്യൂട്ടേഷനിൽ 3 പേരും കേരള കേഡറിന് പുറത്താണ്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഐ) | ഐ.എ.എസ്. പെരുമാറ്റച്ചട്ടം ലംഘിച്ചതിന് വിശദീകരണം തേടിയ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കഴിഞ്ഞ പത്തുവർഷത്തെ വിവരങ്ങൾ വെളിപ്പെടുത്തുമോ ; അവരുടെ പേരിൽ എടുത്ത നടപടികൾ അറിയിക്കുമോ ; | ഐ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ജെ) | ഇപ്പോൾ വെറ്ററിനറി സർവ്വകലാശാലയുടെ വൈസ്ചാൻസലറായിരിക്കുന്ന ഐ.എ.എസ്. ഓഫീസർ മന്ത്രിമാർക്കും പൊതു പ്രവർത്തകർക്കും സഹപ്രവർത്തകരായ ഐ.എ.എസ് കാർക്കുമെതിരെ ലേഖനങ്ങളും പ്രസ്താവനകളുമിറക്കി അച്ചടക്കം ലംഘിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ഓഫീസർക്കെതിരെ ചട്ടപ്രകാരം എടുത്ത നടപടി വിശദീകരിക്കുമോ ; | ജെ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (കെ) | കൃത്യനിഷ്ഠ, ജാഗ്രത, അച്ചടക്കം, സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത, സേവനം, ഫയലുകൾ തീർപ്പാക്കൽ തുടങ്ങിയ മേഖലകളിൽ വീഴ്ച വരുത്തുന്ന ഐ.എ.എസ് ഓഫീസർമാരെ അപ്പപ്പോൾ തിരുത്താനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ ; ഐ.എ.എസ് സംവിധാനം നിരീക്ഷിക്കാൻ എന്തെങ്കിലും പുതിയ പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | കെ) | ഇത് സംബന്ധമായി ആൾ ഇൻഡ്യാ സർവീസ് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ഐ.എ.എസ് സംവിധാനം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരന്തര നിരീക്ഷണത്തിലാണ്. പുതിയ പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

( [illegible] )